**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2700** **28-02-2023 - ൽ മറുപടിയ്ക്ക്**

**മലപ്പുറം ജില്ലയിൽ ഇ-ഗ്രാന്റ്സ് അപേക്ഷകളിന്മേൽ സ്വീകരിച്ച നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ** | | **ശ്രീ. കെ. രാധാകൃഷ്ണൻ (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | മലപ്പുറം ജില്ലയിലെ പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഓഫീസുകളിൽ 2015 ജനുവരി മുതൽ നാളിതുവരെ ഇ-ഗ്രാന്റ്സുമായി ബന്ധപ്പെട്ട് എത്ര അപേക്ഷകൾ ലഭിച്ചുവെന്നും അവയിൽ എത്ര എണ്ണം ഇനി തീർപ്പാക്കാൻ ശേഷിക്കുന്നുണ്ടെന്നും എത്ര അപേക്ഷകൾ ഡയറക്ടറേറ്റിന്റെ പരിഗണനയ്ക്ക് അയച്ചിട്ടുണ്ടെന്നും വിശദമാക്കുമോ; | (എ) | 2015 ജനുവരി മുതൽ നാളിതുവരെ ഇ-ഗ്രാന്റ്സുമായി ബന്ധപ്പെട്ട് മലപ്പുറം ജില്ലയിലെ പട്ടികജാതി വികസന വകുപ്പിന്റെ ഓഫീസുകളിൽ ലഭിച്ച 1,23,165 അപേക്ഷകളിൽ 1,08,990 അപേക്ഷകളും പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഓഫീസുകളിൽ ലഭിച്ച 3303 അപേക്ഷകളിൽ 3174 അപേക്ഷകളും തീർപ്പാക്കിയിട്ടുണ്ട്. അവശേഷിക്കുന്ന അപേക്ഷകൾ തീർപ്പാക്കാനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.<br><br>2021-22 അധ്യയന വർഷം മുതൽ പട്ടികജാതി വിദ്യാർത്ഥികളുടെ പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് കേന്ദ്ര സർക്കാരിന്റെ പുതുക്കിയ മാർഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ വിതരണം ചെയ്യുവാൻ കേന്ദ്ര സർക്കാരിൽ നിന്നും നിർദ്ദേശം ലഭിക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ നിലവിലുണ്ടായിരുന്ന സംവിധാനങ്ങളിൽ ആവശ്യമായ ക്രമീകരണങ്ങൾ വരുത്തുകയുണ്ടായി. നിലവിൽ 2021-22 അധ്യയന വർഷം ലഭിച്ച സ്കോളർഷിപ്പ് അപേക്ഷകളിൽ സംസ്ഥാന വിഹിതം പൂർണ്ണമായും വിതരണം ചെയ്തിട്ടുണ്ട്.<br><br>2022-23 അധ്യയന വർഷം മുതൽ സ്കോളർഷിപ്പ് വിതരണത്തിനായി കേന്ദ്ര സർക്കാരിന്റെ പുതുക്കിയ സാങ്കേതിക നിബന്ധനകൾ കൊണ്ടുവരികയും പ്രസ്തുത നിബന്ധനകൾ പൂർത്തീകരിക്കുന്നതിന് സംസ്ഥാനത്തിന് ആവശ്യമായ സാങ്കേതിക സഹായങ്ങൾ യഥാസമയം നൽകുന്നതിന് കേന്ദ്രസർക്കാരിന്റെ ഭാഗത്തുനിന്നും കാലതാമസം നേരിട്ടതിനാൽ സ്കോളർഷിപ്പ് വിതരണത്തിൽ തടസ്സം നേരിട്ടുവെങ്കിലും സംസ്ഥാന സർക്കാരിന്റെ നിരന്തരമായ ഇടപെടലുകളിലൂടെ 2022 ഒക്ടോബർ മാസത്തോട്ടു കൂടി അപേക്ഷ സ്വീകരിക്കുന്നതിനാവശ്യമായ നടപടികൾ |

| | | | |
|---|---|---|---|
| | | | പൂർത്തീകരിക്കുവാൻ സാധിക്കുകയും നവംബർ മാസത്തിൽ സ്കോളർഷിപ്പ് പോർട്ടൽ തുറന്നു കൊടുക്കുകയും ചെയ്തിട്ടുണ്ട്. പുതിയ സാങ്കേതിക വിദ്യ ക്രമീകരണങ്ങൾ പൂർത്തിയാക്കി 2022-23 അദ്ധ്യയന വർഷത്തെ സ്കോളർഷിപ്പ് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |
| (ബി) | മേൽപ്പറഞ്ഞ കാലയളവിൽ മലപ്പുറം ജില്ലയിൽ നിന്നും പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഡയറക്ടറേറ്റുകളിൽ ലഭിച്ച ഇ-ഗ്രാന്റ്സ് അപേക്ഷകളിൽ എത്ര എണ്ണം തീർപ്പാക്കാനുണ്ടെന്ന് വിശദമാക്കുമോ; ഇ-ഗ്രാന്റ്സ് അനുവദിക്കുന്നതിൽ കാലതാമസം നേരിടുന്നതിന്റെ കാരണം വിശദമാക്കുമോ; | (ബി) | 2015 ജനുവരി മുതൽ നാളിതുവരെ ഇ-ഗ്രാന്റ്സുമായി ബന്ധപ്പെട്ട് മലപ്പുറം ജില്ലയിലെ പട്ടികജാതി വികസന വകുപ്പിന്റെ ഓഫീസുകളിൽ ലഭിച്ച 1,23,165 അപേക്ഷകളിൽ 1,08,990 അപേക്ഷകളും പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഓഫീസുകളിൽ ലഭിച്ച 3303 അപേക്ഷകളിൽ 3174 അപേക്ഷകളും തീർപ്പാക്കിയിട്ടുണ്ട്. അവശേഷിക്കുന്ന അപേക്ഷകൾ തീർപ്പാക്കാനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.<br><br>2021-22 അധ്യയന വർഷം മുതൽ പട്ടികജാതി വിദ്യാർത്ഥികളുടെ പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് കേന്ദ്ര സർക്കാരിന്റെ പുതുക്കിയ മാർഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ വിതരണം ചെയ്യുവാൻ കേന്ദ്ര സർക്കാരിൽ നിന്നും നിർദ്ദേശം ലഭിക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ നിലവിലുണ്ടായിരുന്ന സംവിധാനങ്ങളിൽ ആവശ്യമായ ക്രമീകരണങ്ങൾ വരുത്തുകയുണ്ടായി. നിലവിൽ 2021-22 അധ്യയന വർഷം ലഭിച്ച സ്കോളർഷിപ്പ് അപേക്ഷകളിൽ സംസ്ഥാന വിഹിതം പൂർണ്ണമായും വിതരണം ചെയ്തിട്ടുണ്ട്.<br><br>2022-23 അധ്യയന വർഷം മുതൽ സ്കോളർഷിപ്പ് വിതരണത്തിനായി കേന്ദ്ര സർക്കാരിന്റെ പുതുക്കിയ സാങ്കേതിക നിബന്ധനകൾ കൊണ്ടുവരികയും പ്രസ്തുത നിബന്ധനകൾ പൂർത്തീകരിക്കുന്നതിന് സംസ്ഥാനത്തിന് ആവശ്യമായ സാങ്കേതിക സഹായങ്ങൾ യഥാസമയം നൽകുന്നതിന് കേന്ദ്രസർക്കാരിന്റെ ഭാഗത്തുനിന്നും കാലതാമസം നേരിട്ടതിനാൽ സ്കോളർഷിപ്പ് വിതരണത്തിൽ തടസ്സം നേരിട്ടുവെങ്കിലും സംസ്ഥാന സർക്കാരിന്റെ നിരന്തരമായ ഇടപെടലുകളിലൂടെ 2022 ഒക്ടോബർ മാസത്തോടു കൂടി അപേക്ഷ സ്വീകരിക്കുന്നതിനാവശ്യമായ നടപടികൾ പൂർത്തീകരിക്കുവാൻ സാധിക്കുകയും നവംബർ മാസത്തിൽ സ്കോളർഷിപ്പ് പോർട്ടൽ തുറന്നു കൊടുക്കുകയും ചെയ്തിട്ടുണ്ട്. പുതിയ സാങ്കേതിക വിദ്യ ക്രമീകരണങ്ങൾ പൂർത്തിയാക്കി 2022-23 അദ്ധ്യയന വർഷത്തെ സ്കോളർഷിപ്പ് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |
| (സി) | മലപ്പുറം ജില്ലയിൽ ഇ-ഗ്രാന്റ്സ് ലഭിക്കാൻ | (സി) | ഇ-ഗ്രാന്റ്സ് ലഭിക്കാൻ കുടിശികയുള്ള |

| | | | |
|---|---|---|---|
| | കുടിശ്ശികയുള്ള സ്ഥാപനങ്ങളുടെ വിവരം ലഭ്യമാക്കുമോ? | | സ്ഥാപനങ്ങളുടെ വിവരം അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം
പട്ടികജാതി വികസന വകുപ്പ്.

| Sl. No. | Institution Name |
|---|---|
| 1 | Al Salama College Of Optometry, Perinthalmanna |
| 2 | Al Shifa College Of Paramedical Sciences |
| 3 | AL SHIFA COLLEGE Of PHARMACY |
| 4 | Al-Shifa College Of Nursing, Perinthalmanna |
| 5 | Calicut University Bio-Technology Dept. |
| 6 | Calicut University Commerce and Management Studies |
| 7 | Calicut University Computer Science Dept. |
| 8 | Calicut University English Dept. |
| 9 | Calicut University Hindi Dept. |
| 10 | Calicut University Library and Information Dept. |
| 11 | Calicut University Life Sciences Department |
| 12 | Calicut University Malayalam Dept. |
| 13 | Calicut University Maths Dept |
| 14 | Calicut University Philosophy Dept. |
| 15 | Calicut University Physical Education Dept. |
| 16 | Calicut University Physics Dept. |
| 17 | Calicut University Political Science Dept |
| 18 | Calicut University Womens Studies Department |
| 19 | Calicut University Zoology Dept. |
| 20 | |
| | ~~Cherural H.S.S Kurumbathur~~ |
| 21 | Co-Operative Training College, Tirur |
| 22 | Department of Chemistry, University of Calicut |
| 23 | Department of Education, University of Calicut |
| 24 | Department Of Environmental Science, University Of |
| 25 | Department of History, University of Calicut |
| 26 | Department of Sociology(Self Financing), Universit |
| 27 | Devaki Amma Memorial College Of Pharmacy, Chelembr |
| 28 | Devaki Amma Memorial Teacher Education College, Ch |
| 29 | Educare Institute Of Dental Sciences, Chattiparamb |
| 30 | EMS College Of Paramedical Sciences, Perinthalmann |
| 31 | EMS Co-operative College Of Nursing, Perinthalmann |
| 32 | EMS Co-Operative Nursing School |
| 33 | GOVERNMENT COLLEGE, MALAPPURAM |
| 34 | Govt Medical College, Manjeri |
| 35 | Govt School Of Nursing, Manjeri |
| 36 | INSTITUTE OF ENGINEERING AND TECHNOLOGY KOHINOOR |
| 37 | Jamia Salafia Pharmacy College |
| 38 | KPM School Of Nursing, Malappuram |
| 39 | Malabar Dental College, Edappal |
| 40 | MCT BEd Centre, Melmuri |
| 41 | MCT COLLEGE OF LEGAL STUDIES |
| 42 | MES College of Nursing, Palachode, Perinthalmanna |
| 43 | MES College, Mampad |
| 44 | MES College, Ponnani |

| | |
|---|---|
| 45 | MES Dental College, Palachode, , Perinthalmanna |
| 46 | MES Institute Of Paramedical Sciences, Perintalman |
| 47 | MES Medical College, Perinthalmanna |
| 48 | MES Nursing School, Palachode, Perinthalmanna |
| 49 | MIMS College Of Nursing, Puthukkode |
| 50 | MKH School Of Nursing Thirurangadi |
| 51 | Moulana College Of Nursing, Perinthalmanna |
| 52 | Moulana College Of Paramedical Sciences, Perinthal |
| 53 | Moulana College Of Pharmacy, Perinthalmanna |
| 54 | PSMO College, Tirurangadi |
| 55 | THACHINGANADAM HIGHER SECONDARY SCHOOL |
| 56 | Thunchath Ezhuthachan Malayalam University |
| 57 | TMG College, Tirur |
| 58 | University Centre For Physical Education |
| 59 | University of Calicut DEPARTMENT OF LAW |
| 60 | UNIVERSITY OF CALICUT DEPARTMENT OF GEOLOGY |
| 61 | University School Of Health Science |
| 62 | VPSV Ayurveda College, Kottakkal |

പട്ടിക വർഗ വികസന വകുപ്പ്

1. മലബാർ ഡെന്റൽ കോളേജ്- എടപ്പാൾ
2. സുല്ലം ഉസലാം CTE- അരീക്കോട്
3. എം.ഇ.എസ്.കോളേജ്-മാമ്പാട്
4. എം.ടി.എച്ച്.എസ്.എസ്. ചുങ്കത്തറ
5. യു.പി.എസ്.വി.ആയുർവ്വേദ കോളേജ് , കോട്ടക്കൽ
6. എഡ്യുകെയർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡെന്റൽ സയൻസ് ചെട്ടിയാംപാറ
7. മൗലാന കോളേജ് ഓഫ് നേഴ്സിംഗ് , പെരിന്തൽമണ്ണ
8. കാലിക്കറ്റ് യുണിവേഴ്സിറ്റി -കൊമേഴ്സ് ആന്റ് മാനേജ്മെന്റ് സ്റ്റഡി